## കത്തുകൾ




# പ്ലാച്ചിമട: ഇടതുസർക്കാർ ഒരു വീര്യവും കാണിച്ചിട്ടില്ല

**ഇടതു** ഭരണത്തിന്റെ നേട്ടകോട്ടങ്ങൾ വിലയിരുത്തി എ.ആർ എഴുതിയ ലേഖന(ലക്കം 49)ത്തോടുള്ള ഒരു വിയോജനമാണിത്.

ഭരണനേട്ടങ്ങളുടെ പട്ടികയിൽ പ്ലാച്ചിമടയിലെ കൊക്കക്കോളയെകുറിച്ചുള്ള പരാമർശം വസ്തുതാപരമല്ല. 'പ്ലാച്ചിമടയിൽ കൊക്കകോളയോടു കാട്ടുന്ന വീര്യം കഞ്ചിക്കോട്ട് പെപ്സിയുടെ കാര്യത്തിൽ ചോർന്നുപോകുന്ന സാഹചര്യവും തിരുത്തപ്പെടേണ്ടതുണ്ട്' എന്ന എ.ആറിന്റെ നിരീക്ഷണം പ്ലാച്ചിമടയിലെ കൊക്കക്കോളക്കെതിരെ ഇടതുസർക്കാർ എന്തൊക്കെയോ വലിയ കാര്യങ്ങൾ ചെയ്തുവെന്നും കമ്പനി പ്രവർത്തനം നിർത്തിവെച്ചത് ഇടതു സർക്കാറിന്റെ നേട്ടമാണെന്നും ധ്വനിപ്പിക്കുന്നുണ്ട്. പ്ലാച്ചിമടയിൽ കൊക്കക്കോളയുടെ ജലചൂഷണത്തിനെതിരെ തദ്ദേശീയരായ ആദിവാസികൾ ആരംഭിച്ച സമരം 5 വർഷം പിന്നിടുമ്പോൾ ഒരു പഞ്ചായത്തിന്റെ ഇടപെടൽ മാത്രമാണ് ഈ ആഗോള കുത്തക കമ്പനിയെ ഉൽപാദനം നിർത്തിവെക്കാൻ നിർബന്ധിതമാക്കിയത്.

പ്ലാച്ചിമടയിലെ കോള ഫാക്ടറിയുടെ പരിസര പ്രദേശങ്ങളിൽ അമിത ജലചൂഷണം മൂലമുണ്ടായ കുടിവെള്ള പ്രതിസന്ധിയും പരിസ്ഥിതി പ്രത്യാഘാതങ്ങളുമാണ് അവിടത്തെ ആദിവാസികളെ സമരരംഗത്തിറക്കിയത്. സമരം കൊടുമ്പിരിക്കൊണ്ടിരിക്കെ സമരപന്തലിലെത്തിയ അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന അച്യുതാനന്ദന്റെ 'ഇച്ഛാശക്തിയുള്ള സർക്കാറിന് 24 മണിക്കൂർ മതി കോളയെ കെട്ടുകെട്ടിക്കാൻ' എന്ന പ്രഖ്യാപനം, മുഖ്യമന്ത്രിയായശേഷം ഒരു വർഷം പിന്നിട്ടിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയത് ഇടതു സർക്കാറിന്റെ കോട്ടം തന്നെയാണ്.

ദുർബലമായ നിയമത്തിന്റെ പിൻബലത്തിൽ ഇടതുസർക്കാർ നടപ്പിലാക്കിയ കോള നിരോധത്തിനെതിരെ ഹൈക്കോടതിയിൽ വളരെ വേഗം അനുകൂല വിധി നേടിയെടുക്കാൻ കോളക്കമ്പനികൾക്കു സാധിച്ചു. നിരോധമാകട്ടെ കേവലം കൊക്കക്കോള, പെപ്സി എന്നീ രണ്ടു ബ്രാന്റുകൾക്കു മാത്രമായിരുന്നു. എന്നാൽ പെരുമാട്ടി പഞ്ചായത്ത് മുന്നോട്ടുവെച്ച ഉപാധികളാണ് ഇന്നും കോളക്കമ്പനിക്ക് തുറന്നു പ്രവർത്തിക്കാൻ തടസ്സമായി നിൽക്കുന്നത്. കേരള സർക്കാർപോലും കാണിക്കാത്ത ആർജവമാണ് കോളക്കമ്പനിക്കെതിരെ ജനതാദൾ ഭരിക്കുന്ന പഞ്ചായത്ത് കാണിച്ചത്.

കോളക്കെതിരെയുള്ള സമരം ഇപ്പോഴും സജീവമായി തുടരുകയാണ്. കോളയെ നഷ്ടപരിഹാരം ഈടാക്കി നാടുകടത്തുക എന്നാവശ്യപ്പെട്ട് സമര സമിതിയുടെ നേതൃത്വത്തിലുള്ള 100 ദിവസത്തെ നിരാഹാരസമരം നടന്നുകൊണ്ടിരിക്കെ അതിനോടും സർക്കാറിന്റെ സമീപനം നിഷേധാത്മകമാണ്. പ്ലാച്ചിമട സമര സമിതി കാസർകോട്ടുനിന്ന് തിരുവനന്തപുരത്തേക്ക് നടത്തിയ ജനകീയ ജലാധികാര യാത്രക്കുശേഷം മുഖ്യമന്ത്രിയെ കണ്ട സമര സമിതി നേതാക്കളെ അത്യധികം നിരാശപ്പെടുത്തുന്ന പ്രതികരണമാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. മൂന്നാർ ഭൂമി കൈയേറ്റങ്ങൾക്കെതിരെ അതിശക്തമായ സമ്മർദങ്ങളെ അവഗണിച്ചുകൊണ്ട് മുഖ്യമന്ത്രി നടത്തുന്ന നടപടികൾ കൊക്കക്കോളയുടെ കാര്യത്തിലും ഉണ്ടാവണം.

**എം. സുലൈമാൻ, പാലക്കാട്**
**(സോളിഡാരിറ്റി ജില്ലാ സെക്രട്ടറി)**

# ആണ്ടുനേർച്ചക്ക് ആനക്കൂട്ടം നബിദിനത്തിന് കടലാസുകൊടി!

**ഔലിയാക്കളെ** 'ആദരിക്കുന്ന' ആണ്ടുനേർച്ചകളും നബി(സ)യെ 'ആദരിക്കുന്ന' നബിദിനാഘോഷവും താരതമ്യം ചെയ്താൽ ഔലിയാക്കൾക്ക് കൽപിക്കുന്ന പ്രാധാന്യത്തിന്റെ നൂറിലൊരംശം പോലും നബി(സ)ക്ക് കൽപിക്കുന്നില്ലെന്നു കാണാം. സൃഷ്ടികളിലേറ്റം ശ്രേഷ്ഠൻ (അശ്‌റഫുൽ ഖൽഖ്) ആണല്ലോ മുഹമ്മദ് നബി(സ). ആ ജ്യോതിർഗോളത്തിൽനിന്ന് പ്രകാശം സ്വീകരിച്ച ഉപഗ്രഹങ്ങൾ മാത്രമാണ് ഔലിയാക്കളെല്ലാം. അവരെ മുഹമ്മദ് നബി(സ)യേക്കാൾ ആഘോഷിക്കുന്നത് സൂര്യനേക്കാൾ പ്രാധാന്യം ചന്ദ്രന് കൽപിക്കുന്നതുപോലെയാണ്. മറ്റു മതസ്ഥർ ഈ പൊരുത്തക്കേട് മനസ്സിലാക്കി മുസ്‌ലിംകളെ പരിഹസിക്കുന്നുണ്ട്.

മുഹമ്മദ് നബി(സ)ക്ക് ജന്മദിനാഘോഷമുണ്ട്, ആണ്ടില്ല. ഔലിയാക്കൾക്ക് ആണ്ടുണ്ട്, ജന്മദിനാഘോഷമില്ല. മുഹമ്മദ് നബി(സ)ക്കു മുമ്പ് കഴിഞ്ഞുപോയ നൂഹ്, ഇബ്‌റാഹീം, മൂസാ, ഈസാ(അ) തുടങ്ങിയ പ്രവാചകന്മാർക്കോ മുഹമ്മദ് നബി(സ)ക്കുശേഷമുള്ള ഖുലഫാഉർറാശിദീന്നോ, സ്വഹാബിമാർക്കോ ഇമാമുമാർക്കോ ജന്മദിനാഘോഷമില്ല, ആണ്ടുനേർച്ചയുമില്ല. ഇക്കൂട്ടത്തിലൊന്നും പെടാത്ത ചില പിൽക്കാലക്കാരുടെ പേരിലാണ് ഉത്സവങ്ങളെല്ലാം!

ഔലിയാക്കളുടെ ആണ്ടുനേർച്ചകൾക്ക് ഗജവീരന്മാർ, വെടിക്കെട്ടുകൾ, ഗാനമേള, ബാന്റ് വാദ്യം, പ്രായഭേദമന്യേ സ്ത്രീപുരുഷന്മാരുടെ കൂട്ടായ പങ്കാളിത്തം. എന്നാൽ, നബിദിനാഘോഷത്തിന് കടലാസുകൊടിയേന്തിയ മദ്‌റസാ മക്കളുടെ ജാഥയും കുറച്ച് കാരണവന്മാരും മുസ്‌ലിയാന്മാരും കൂടിയിരുന്ന് നടത്തുന്ന മൗലിദ് 'ആസ്വാദന'വും ശുഷ്കിച്ച ഒരു യോഗവും മാത്രം! ആനകളോ വെടിക്കെട്ടുകളോ സ്ത്രീപുരുഷഭേദമന്യേയുള്ള ബഹുജന പങ്കാളിത്തമോ ഒന്നുമില്ല. യഥാർഥത്തിൽ ഔലിയാക്കൾക്കുമുന്നിൽ മുഹമ്മദ് നബിയെ ഇകഴ്ത്തിക്കാണിക്കലല്ലേ ഇത്?

ചുരുങ്ങിയത് ആണ്ടുനേർച്ചകൾക്കുള്ള ആനകളുടെയും വെടിക്കെട്ടുകളുടെയും ഇരട്ടിയെങ്കിലും നബിദിനാഘോഷത്തിനു വേണ്ടതല്ലേ? ഉത്തരവാദപ്പെട്ടവർ അടിയന്തരമായി ഉണർന്നു ചിന്തിച്ച് ഈ തെറ്റ് തിരുത്തുമെന്ന് പ്രതീക്ഷിക്കട്ടെ!

കഅ്ബ പൊളിക്കാൻ വന്ന അബ്‌റഹത്തിന്റെ ആനക്കൂട്ടങ്ങളുടെ പേരക്കിടാങ്ങളെ കഅ്ബയെ ഉപജീവിച്ചുനിൽക്കുന്ന പള്ളികളിലെയും, ജാറങ്ങളിലെയും ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതുപോലെ നബിദിനാഘോഷത്തിലും പങ്കെടുപ്പിച്ചേ പറ്റൂ. ഔലിയാ ആണ്ടുകൾക്കുള്ള ഗാംഭീര്യം നബിദിനത്തിന് നിഷേധിക്കുന്നതിൽ യാതൊരു ന്യായവുമില്ല. ഈ അടുത്ത കാലത്ത് ചേറ്റുവ ചന്ദനക്കുടത്തിന് ആനയിടഞ്ഞ് ജീവനഷ്ടവും ധനനഷ്ടവും ഉൾപ്പെടെ പല വിപത്തുകളും വരുത്തിവെച്ചല്ലോ. അതൊന്നും ആണ്ടുകളുടെ ആനപ്പൊലിമക്ക് തടസ്സമായിക്കൂടാ. ഹൈന്ദവ സഹോദരങ്ങൾ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ പ്രശ്നം വെച്ച് പരിഹാരം കണ്ടെത്തുകയാണ് പതിവ്. മോതിരക്കല്ല് നോട്ടം, ത്വൽസമാത്ത് തുടങ്ങിയ ചില ഗുണദോഷ വിചാരശാസ്ത്രങ്ങൾ നമുക്കുമുണ്ടല്ലോ. അവ ഉപയോഗപ്പെടുത്തി പരിശോധിച്ചാൽ ജാറപൂജയിൽ സംഭവിച്ച വല്ല വീഴ്ചയുടെയും പേരിൽ ഔലിയ കോപിച്ചതാണ് കാരണമെന്ന് കണ്ടെത്തിക്കൂടായ്കയില്ല. ആനയിടഞ്ഞ ജാറങ്ങളിൽ ഇത്തരം പ്രശ്നവിചാരങ്ങളും പരിഹാരകർമങ്ങളും ഉടനെ നടത്തേണ്ടതാണ്.

**അബൂനജീബ്, മാള**

## ഒരു വലിയ മനുഷ്യൻ

**ഞങ്ങൾ** വാഴയൂർ ഇസ്‌ലാമിക് കൾച്ചറൽ സൊസൈറ്റി എന്ന പേരിൽ ഒരു പൊതുവേദി രൂപീകരിച്ചപ്പോൾ അതിന്റെ കീഴിൽ നാട്ടിലെ ഹൈസ്കൂൾ വിദ്യാർഥികളെ ഉദ്ദേശിച്ച് ഒരു മസ്ജിദ് നിർമിക്കാൻ തീരുമാനിച്ചു. എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളുന്ന ഒരു സംഘടനക്ക് ഇതെങ്ങനെ നടത്താനാവുമെന്ന് പലരും സംശയം പ്രകടിപ്പിച്ചപ്പോൾ പ്രഫ. വി. മുഹമ്മദ് സാഹിബാണ് ഞങ്ങൾക്ക് ധൈര്യം പകർന്നത്. പൊതുവേദികളിൽ ഒരു പക്ഷത്തിന്റെയും ആളല്ലാത്തവരെ കിട്ടണമെന്നാഗ്രഹിക്കുന്നവർ എന്നും വി.എമ്മിനെ ക്ഷണിച്ചു.

ഒരിക്കൽ സ്ത്രീധനവിരുദ്ധ കാമ്പയിന്റെ ഒരു യോഗത്തിൽ സ്ത്രീധനത്തെപ്പോലെയോ അതിനേക്കാൾ ശക്തമായോ എതിർക്കപ്പെടേണ്ടതാണ് പലിശ എന്ന മഹാവിപത്തെന്നും പലിശരഹിത നിധികൾ സ്ഥാപിച്ച് അതിന് തടയിടണമെന്നും ഒരാൾ പ്രസംഗിച്ചു. തുടർന്ന് പ്രസംഗിച്ച വി.എം പലിശരഹിത നിധിയുടെ പ്രായോഗികതയിൽ ചില സംശയങ്ങൾ പ്രകടിപ്പിച്ചു. നേരത്തേ പ്രസംഗിച്ച സഹോദരൻ പലിശരഹിത നിധിയുടെ പ്രായോഗികതയിൽ സംശയിക്കേണ്ടെന്ന് തെളിവുകൾ സഹിതം പറഞ്ഞപ്പോൾ വി.എം ഉടനെ എഴുന്നേറ്റുനിന്ന് സദസ്സിനോട് മാപ്പു ചോദിക്കുകയും തന്റെ അറിവില്ലായ്മകൊണ്ട് പറഞ്ഞുപോയതാണെന്ന് വ്യക്തമാക്കുകയും ചെയ്തു.

**പി.സി മുഹമ്മദ്കുട്ടി, തിരുത്തിയാട്**

## വാസ്തുശാസ്ത്രവും അന്ധവിശ്വാസങ്ങളും

**"വാസ്തുശാസ്ത്രത്തിന്റെ** പേരിൽ കേരളത്തിലെ നിർമാണ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന അന്ധവിശ്വാസവും ചൂഷണവും തടയണമെന്ന് ലൈസൻസ്ഡ് എൻജിനീയേഴ്സ് ആന്റ് സൂപ്പർവൈസേഴ്സ് ഫെഡറേഷൻ (ലെൻസ്ഫെഡ്) ആവശ്യപ്പെട്ടു. വാസ്തുശാസ്ത്രത്തിന്റെ പേരിൽ അൽപജ്ഞാനികളും കച്ചവടതാൽപര്യക്കാരും സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കി ചൂഷണം ചെയ്യുകയാണ്"- 16.05.2007-ന്റെ മലയാള പത്രങ്ങളിൽ വന്ന വാർത്തയാണിത്.

ഈ വാർത്തയിൽ പറയുന്ന ചൂഷണത്തിന്റെ ഏറ്റവും വലിയ ഇരകൾ കേരളത്തിലെ, വിശിഷ്യാ മലബാറിലെ ഒരു വിഭാഗം മുസ്‌ലിംകളത്രെ. ഹൈന്ദവസഹോദരങ്ങൾ ഭവനത്തിന്റെ ഇരിപ്പ് 'വാസ്തു ദേവത'യുടെ വാസസ്ഥാനം നോക്കിയാവണമെന്ന് കരുതുന്നതിൽ അത്ഭുതമില്ല. ആർക്കും ഏതുരീതിയിലുമുള്ള വിശ്വാസം വെച്ചുപുലർത്താൻ സ്വാതന്ത്ര്യമുണ്ടല്ലോ. ആശാരിമാരെ സംബന്ധിച്ചേടത്തോളം, നിലത്ത് തല തെക്കുപടിഞ്ഞാറോട്ടായും കാൽ വടക്കു കിഴക്കോട്ടായും വെച്ചുകിടക്കുകയാണ് അവരുടെ ദൈവങ്ങളിലൊന്നായ വാസ്തുദേവൻ. അതുകൊണ്ടുതന്നെ ഗൃഹനിർമാണ വേളയിൽ അവർക്ക് ആ ദേവനെ പൂജിക്കേണ്ടതുണ്ട്. മാത്രമല്ല, അവരുടെ 'സ്വന്തം പിശാചാ'യ തച്ച ഗുളികന്റെ ബാധയിൽനിന്ന് വീടിനെ രക്ഷിക്കാൻ ആ സാത്താനെ പ്രസാദിപ്പിക്കേണ്ടതുമുണ്ട്. എന്നാൽ മനുഷ്യരെ വരിഞ്ഞുകെട്ടിയ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും അവരെ മോചിപ്പിക്കാൻ വന്ന ഒരു പ്രവാചകന്റെ അനുയായികൾക്കോ......?!

ഖേദകരമെന്നു പറയട്ടെ, മലബാറിലെ ഒരുവിഭാഗം മുസ്‌ലിംകൾ ഇന്നും ഗൃഹനിർമാണ വേളയിലെ 'കുറ്റിയടിക്കാൻ' ഇത്തരം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കൂട്ടുപിടിക്കുകയാണ്. ആശാരി വന്ന് പ്രാർഥിച്ച് വാസ്തുദേവന്റെയും തച്ചഗുളികന്റെയും കിടപ്പും ഖേദവും പ്രസാദവും നോക്കിയാണ് 'സത്യവിശ്വാസി'യുടെ വീടിനു കുറ്റിയടിക്കൽ കർമം നിർവഹിക്കുന്നത്! (സമാന്തരമായി ഒരു മുസ്‌ലിയാരുടെ പ്രാർഥന നടക്കുമെങ്കിലും സംഭവത്തിൽ മേൽക്കൈ 'ആശാരി പൂജാരി'ക്കു തന്നെ!).

ഇസ്‌ലാമിക ചരിത്രത്തിൽ ധാരാളം കെട്ടിടനിർമാണങ്ങൾ നടന്നിട്ടുണ്ട്. അല്ലാഹുവിന്റെ റസൂൽ നേരിട്ടുതന്നെ മദീനയിൽ പള്ളിനിർമിച്ചിട്ടുണ്ട്. വീടുകൾ പണിതിട്ടുണ്ട്. അവിടുന്ന് ചന്ത നിർമാണത്തിനും നേതൃത്വം നൽകിയിട്ടുണ്ട്. ഏകദൈവത്തിന്റെ നാമമുച്ചരിച്ചാണ് തിരുമേനി നിർമാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ആ മാതൃകയല്ലേ വിശ്വാസികൾ പിന്തുടരേണ്ടത്?

**ജമാൽ കടന്നപ്പള്ളി**

## പ്രതികാരത്തിലെ വൈകൃതം

**പ്രതിരോധം** സ്വരക്ഷക്കുള്ള സംവിധാനമാണെങ്കിൽ ഏതു വ്യവസ്ഥിതിയും അതനുവദിക്കുന്നുണ്ട്. എന്നാൽ പകയും വിദ്വേഷവും നിറഞ്ഞ കലുഷമനസ്സിന്റെ അപക്വമായ ബാഹ്യപ്രകടനമായ പ്രതികാരമകട്ടെ, അതിലടങ്ങിയിരിക്കുന്ന സ്വഭാവവൈകൃതംകൊണ്ടുതന്നെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. യുദ്ധമുഖത്തു പോലും വ്യക്തിവിദ്വേഷം മൂലം കർമങ്ങൾ പങ്കിലമാകാതിരിക്കാൻ സ്വഹാബിമാർ ജാഗ്രത പുലർത്തിയിരുന്നു. ശത്രുവിന്റെ കഴുത്തിനു നേരെ വാളോങ്ങവെ മുഖത്തേക്ക് കാർക്കിച്ചുതുപ്പിയ ശത്രുവിനെ വെറുതെ വിട്ട് തിരിഞ്ഞുനടന്ന അലി(റ) പിന്നീട് അതേക്കുറിച്ച് പ്രതികരിച്ചത്, ആ സമയം ശത്രുവിനെ വധിക്കുകയായിരുന്നുവെങ്കിൽ ഒരുപക്ഷേ മുഖത്ത് തുപ്പിയതിന്റെ പ്രതികാരമാകുമോയെന്ന് ഞാൻ ഭയപ്പെട്ടു എന്നായിരുന്നു.

ഡെന്മാർക്കിലെ പത്രത്തിന്റെ പ്രവാചകനിന്ദക്കെതിരെ മുസ്‌ലിം ലോകമൊന്നടങ്കം പ്രതിഷേധിച്ചിട്ടും കുലുങ്ങാത്ത അവിടത്തെ ഗവൺമെന്റിന് മൂക്കുകയറിടാൻ ഉൽപന്നബഹിഷ്കരണമെന്ന പ്രതിരോധത്തിലൂടെ സാധിച്ചപ്പോൾ ഒരു മൊട്ടുസൂചിപോലും കൈയിലേന്തേണ്ടിവന്നില്ലെന്ന സത്യം കാണാതിരുന്നുകൂടാ. മറിച്ചായിരുന്നുവെങ്കിൽ ആടിനെ പേപ്പട്ടിയാക്കാൻ തൽപരകക്ഷികൾക്ക് സാധിക്കുമായിരുന്നുവെന്ന് പ്രതിരോധം ആയുധബലം കൊണ്ടുമാത്രം നടക്കേണ്ടതാണെന്ന് പ്രചരിപ്പിക്കുന്നവർ മനസ്സിലാക്കണം. എന്തൊക്കെ പോരായ്മകളുണ്ടെങ്കിലും ഒരു നാട്ടിലെ നിയമവ്യവസ്ഥയെ വെല്ലുവിളിച്ച് പ്രതികാരത്തിനിറങ്ങുന്നവർ ഇരിക്കുന്ന ശിഖരം തന്നെയാണ് മുറിക്കുന്നതെന്ന സത്യം ഉൾക്കൊള്ളണം. അതിനു വേണ്ടത് കേവല അറിവല്ല, വിവേകപൂർണമായ ജ്ഞാനത്തോടൊപ്പം ലഭിക്കുന്ന അറിവിലെ തിരിച്ചറിവാണ്. അതു പക്ഷേ, ക്ഷമയുടെയും സഹനത്തിന്റെയും മാനസികാവസ്ഥയിൽ മാത്രമേ രൂപം കൊള്ളുകയുള്ളൂ.

**വി.കെ അബ്ദുൽ ജബ്ബാർ, ചേന്ദമംഗലം**

## സച്ചാർ റിപ്പോർട്ടിനെപ്പറ്റി ദക്ഷിണേന്ത്യൻ സമ്മേളനം

**സച്ചാർ** കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചുള്ള ഒരു ചർച്ചാ സമ്മേളനം 2007 ജൂൺ 16, 17 തീയതികളിൽ ഇടപ്പള്ളി (കൊച്ചി)യിലെ അൽ അമീൻ പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്നു. അൽ അമീൻ എജുക്കേഷ്നൽ ട്രസ്റ്റ്, ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രറ്റേർണിറ്റി, എം.ഇ.എസ്, എം.എസ്.എസ്, കെ.എം.ഇ.എ, മെക്ക, സിജി തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിലാണ് സമ്മേളനം. ദക്ഷിണേന്ത്യയിലെ പ്രമുഖ വിദ്യാഭ്യാസവിചക്ഷണരും സംഘടനാ നേതാക്കളും സംബന്ധിക്കും.

**ഫോൺ:**
**0484 2801034, 2801997**
**ഇ-മെയിൽ:**
simconkerala@yahoo.co.in